# തന്നത്താൻ (വി)രമിക്കൽ

## എം.എൻ. വിജയനും സുകുമാർ അഴീക്കോടും പിന്നെ 'ഞാനും'

ദിലീപ് രാജ്

"ഓ! ഇതൊക്കെയും നമ്മുടെ മുമ്പിൽ കണ്ണാടിയിൽ കാണുന്ന നിഴൽ പോലെ തന്നെയിരിക്കുന്നു. അദ്ഭുതം! എല്ലാറ്റിനെയും കാണുന്ന കണ്ണിനെ കണ്ണ് കാണുന്നില്ല, കണ്ണിന്റെ മുമ്പിൽ കയ്യിലൊരു കണ്ണാടിയെടുത്തു പിടിക്കുമ്പോൾ കണ്ണ് ആ കണ്ണാടിയിൽ നിഴലിക്കുന്നു.... ഇതുപോലെ, ഈ കണ്ണിനെ കാണുന്ന നമ്മെ നാം കാണുന്നില്ല."

*- ശ്രീനാരായണഗുരു, 'ആത്മവിലാസം'*

"ജനങ്ങളോട് സംസാരിക്കുമ്പോൾ വിജയൻ എന്തിനാണ് ഇടയ്ക്ക് കണ്ണടച്ചു പിടിക്കുന്നത്? അഭിനയം. പ്രവാചകാഭിനയം" എന്നും "എന്തോ വെളിപാടുണ്ടാവുന്നതു പോലെയാണ് താൻ പ്രസംഗിക്കുന്നത് എന്നു ഭാവിക്കാതെ ഒരാൾക്ക് വേദിയിൽനിന്ന് കണ്ണടച്ച് ധ്യാനിക്കാനും ഇടയ്ക്ക് മൗനം പാലിക്കാനും കഴിയുമോ?" എന്നും തന്റെയുള്ളിലെ തലതിരിഞ്ഞ ചിന്തകൾ തുറന്നുവിടുന്ന സുകുമാർ അഴീക്കോട് കണ്ണുതുറന്ന് കണ്ണാടിയിൽ നോക്കുന്ന ചിത്രം (മാതൃഭൂമി ആഴ്ചപതിപ്പ്, ഒക്ടോബർ 21) മുഖചിത്രമായി നൽകിയതു കണ്ടപ്പോൾ നാരായണഗുരുവിന്റെ വരികൾ ഓർത്തുപോയി, തൊട്ടുപുറകെ പ്ലാറ്റോവിനെയും ഓർത്തു. പ്ലാറ്റോ ചോദിക്കുന്നു. "എങ്ങനെയാണ് കണ്ണുകൾക്ക് സ്വയം കാണാനാവുക?" പ്ലാറ്റോവിനെ സംബന്ധിച്ചിടത്തോളം ഒരാൾക്ക് വെറുതെ കണ്ണാടിയിൽ നോക്കാനാവുകയില്ല. മറ്റൊരാളുടെ കണ്ണിലേക്ക് നോക്കണം. എന്നുവെച്ചാൽ, തന്റെയുള്ളിലെ തന്നിലേക്ക് നോക്കണം. അപരയുടെ കണ്ണുകളായിട്ടുവേണം അതു തന്നിൽ ഉണ്ടാവേണ്ടത്. അതിൽ ഒരാൾ തന്നെ കാണും. അതാണ് കണ്ണാടി.

***

രണ്ട് ദശകം മുമ്പ്, 1987-ലും 1988ലും ഞാൻ ഡയറി എഴുതുമായിരുന്നു. കൂത്തുപറമ്പ് നിർമലഗിരി കോളേജിൽ പ്രീഡിഗ്രി (അന്നതൊരു ഡിഗ്രിയാണ്!) വിദ്യാർത്ഥിയാണന്ന്. ഡയറിയെടുത്ത് നോക്കിയപ്പോളതിൽ കുറെ ഉദ്ധരണികൾ, ചിന്തകൾ, കേട്ട കാര്യങ്ങൾ, ചെയ്ത കാര്യങ്ങൾ ഒക്കെയാണ്. ഞാനും ഞാനും തമ്മിലുള്ള കണക്കുകൾ. തനിക്കുമേൽ താൻ തന്നെ നടത്തുന്ന പ്രവർത്തനം. തന്നിലേക്ക് വിരമിക്കലും, തന്നത്താൻ രമിക്കലും!

കെട്ട ജീവിതത്തിനുപരിയായി അവനിയിൽ ഒരു കാവ്യജീവിതം സാധ്യമാവുമെന്ന് വിശ്വസിച്ച കാലം. അതുകൊണ്ടുതന്നെ വൈലോപ്പിള്ളി പ്രിയ കവി. വൈലോപ്പിള്ളിയുടേത് തലതിരിഞ്ഞ ജീവിതദർശനമാണെന്ന എം.എൻ. വിജയന്റെ നിരീക്ഷണത്തോട് കൗതുകം.

മറ്റൊരാകർഷണം നാരായണഗുരുവാണ്. എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ വർക്കല നാരായണഗുരുകുലത്തിൽ ഒരു സമ്മർ ക്യാമ്പിന് പോയതിനെത്തുടർന്ന് അല്പസ്വല്പം സന്യാസചിന്തയൊക്കെ



മനസ്സിൽ കൊണ്ടുടക്കുന്നുണ്ട്. ജീവിതത്തിന്റെ മോട്ടോ പോലെ ഗീതാഞ്ജലിയിൽനിന്ന് ഏതാനും വരികൾ പകർത്തിവെച്ചിട്ടുമുണ്ട്.

"ഏറെനാൾ സംസാരത്തിൻ
കമ്പോളത്തിൽ ഞാൻ ചുറ്റാം
ഏറിയ ധനമെന്റെ
രണ്ടു കൈ കൊണ്ടും വാരാം
ഏതുമൊന്നും ഞാൻ നേടീ-
ലെന്ന തീവ്രമാം ദുഃഖം
എൻ കരളിൽക്കിനാ-
വിങ്കലും ജ്വലിക്കട്ടെ"

1988-ലെ ഡയറിയിൽ കെ. വേണുവിന്റെയും എം.എൻ. വിജയന്റെയും പ്രസംഗങ്ങൾ അടുത്തടുത്തു ശ്രവിച്ച ഒരു ക്ലാസ്മേറ്റിന്റെ അഭിപ്രായം ആണ് തുടക്കത്തിൽത്തന്നെ. ജനുവരി 5. ഫിലിപ്പോസ് ആണ് പറയുന്നത്. "വേണു ഒരേ ടോണിലാണ് സംസാരിക്കുന്നത്. തുളച്ചുകയറുന്ന ഭാഷയാണ്. സാധാരണക്കാർക്ക് മനസ്സിലാവുന്ന തരത്തിൽ ഓരോ കാര്യത്തിനും ഉദാഹരണമായാണ് ഡബിൾക്കോളയുടെയും മറ്റും പ്രശ്നം എടുത്തിരുന്നത്"

വിജയൻമാഷിന്റെ പ്രസംഗവും ഫിലിപ്പോസിനെ ആകർഷിച്ചെങ്കിലും ഇത്രയുമാവേശം റിപ്പോർട്ടിങ്ങിലില്ല. ഫിലിപ്പോസും മണത്തണയിൽ നിന്നുതന്നെ വരുന്ന (എം.എൽ. അനുഭാവിയായ) പ്രേംരാജ്കുമാറും ഞാനുമൊരു ഗാങ്ങാണ്. ജനുവരി 5 എന്ന പേജിൽത്തന്നെ ഇത്രയും കൂടി കാണുന്നു:

"ഡബിൾകോളക്കെതിരെ പോസ്റ്ററൊട്ടിച്ചു.

'വേണമെങ്കിൽ എം.എൽ. ആവാനും തയ്യാറാണ്' ഫിലിപ്പോസ്

'പള്ളിയൊക്കെ വിട്ടോ? കെ.വി.യുടെ പ്രസംഗം ഏറ്റെന്നു

തോന്നുന്നു' - പ്രേമൻ"

വൈകാതെ ഞങ്ങളൊക്കെ സിപിഐ(എംഎൽ) കാരായി മാറി. ഫിലിപ്പോസും ഞാനും കൂടി ക്യാമ്പസിലെ അക്കേഷ്യാ മരങ്ങൾ മുറിച്ചു മാറ്റണമെന്ന് പോസ്റ്ററൊട്ടിച്ചു മടങ്ങുംവഴി കെമിസ്ട്രി സാറിന്റെ മുന്നിൽ പെട്ടു. അദ്ദേഹം ഞങ്ങളുടെ ക്ലാസിൽനിന്ന് വരികയായിരുന്നു. 'നീയൊക്കെ പ്രാക്ടിക്കൽ ഹാളിൽ കയറിപ്പോകരുത്, റെക്കോഡിൽ ഞാനൊപ്പിട്ടുതരില്ല"

വർഷാന്ത്യ പരീക്ഷ വന്നു. പ്രാക്ടിക്കൽ റെക്കോഡുമായി വീട്ടിൽനിന്നുമിറങ്ങിയ ഞാൻ ചെറുതായൊന്നു മുങ്ങി! വീട്ടിൽ സത്യം പറയാൻ പറ്റില്ലല്ലോ. എന്നെ 'കാണാതായ'തോടെ രണ്ടഭ്യൂഹങ്ങളാണ് ഉണ്ടായത്. ഒന്നുകിൽ സന്യസിക്കാൻ പോയി, അല്ലെങ്കിൽ പാർട്ടി പ്രവർത്തനത്തിന്! (രണ്ടും തമ്മിലുള്ള സാമ്യങ്ങൾ പിൽക്കാലത്ത് ഏറെ ചിന്തിച്ചു നോക്കിയിട്ടുണ്ട്. കാവി വസ്ത്രം, ഭിക്ഷാടനം, 'വീടുവിടൽ', പുരുഷമാത്രചങ്ങാത്തം എന്നിങ്ങനെ!)

***

ആറുമാസം വെറുതെയിരുന്ന് ഗ്രൂപ്പ് മാറ്റി എക്കണോമിക്സ് എടുത്ത് പ്രീഡിഗ്രി കടന്ന് ഞാൻ ബ്രണ്ണൻ കോളേജിൽ ഫിലോസഫി ബി.എ.യ്ക്ക് ചേർന്നു. പാർട്ടി ബന്ധം ഉറച്ചിട്ടുണ്ട്. ബ്രണ്ണനിൽ കേരളീയ വിദ്യാർത്ഥി മുന്നണി യൂണിറ്റ് സജീവം. മൂന്നുപേരിൽ തുടങ്ങിയ പ്രകടനത്തിൽ പന്ത്രണ്ടുപേർ വരെയായി എന്ന് ഫിസിക്സിലെ (ഞങ്ങളോട് അല്പം സഹഭാവമുള്ള) ശ്രീധരൻ മാഷ് കൃത്യമായെണ്ണി അത്ഭുതഭാവത്തിൽ പറഞ്ഞതോർക്കുന്നു! ബ്രണ്ണനിലെ 'ചുമർപത്രസമര'ത്തിലും ഞങ്ങൾ മുന്നിൽത്തന്നെ. സംസാരിക്കുക എന്ന ജനാധിപത്യവിരുദ്ധ സ്വഭാവമുള്ള എസ്.എഫ്.ഐ.ക്കാരോട് പൊരിഞ്ഞ രാഷ്ട്രീയസംവാദങ്ങൾ.

എന്റെ സീനിയറും എസ്.എഫ്.ഐ. പ്രവർത്തകനുമായ സലീമായിരുന്നു (ഇപ്പോൾ സൗദിയിൽ ജോലി ചെയ്യുന്നു) ഞങ്ങളോട് നിരന്തരം തർക്കിച്ചിരുന്ന ഒരാൾ. സലീമിന് വിജയൻമാഷുമായി നല്ല അടുപ്പമാണ്. ഒരു ദിവസം എന്നെയും മാത്സിലെ അനിലിനെയും കൂട്ടി സലീം മാഷുടെ വീട്ടിലേക്കുപോയി. കേരളത്തിന്റെ വിമോചനവും സ്വയം പര്യാപ്തതയുമാണ് ഞങ്ങളുടെ പരിപാടി. കണ്ടവഴിക്കുതന്നെ മാഷ് പറഞ്ഞു, അതു നടക്കില്ല! ബർമയിൽനിന്നാണ് അരി വരുന്നത്. തർക്കം മൂത്തു. ഞങ്ങൾ സിപിഐ(എം)ന്റെ പാർട്ടി പരിപാടിയൊക്കെ (വിമർശിക്കാൻ വേണ്ടിയാണെങ്കിലും) അരച്ചുകലക്കി കുടിച്ചിട്ടുണ്ട്. അദ്ദേഹമാണെങ്കിൽ അതെപ്പറ്റിയൊക്കെ ആധികാരികമായി ഓരോന്ന് തട്ടിമൂളിക്കുന്നു. അഞ്ചു വർഷംകൊണ്ട് ഇന്ത്യയിൽ വിപ്ലവം നടക്കും എന്നുവരെ പ്രഖ്യാപിച്ചു! എന്തായാലും ധ്യാനമോ സംവാദമോ അല്ല അരിശം മൂത്ത തർക്കമായിരുന്നു അന്നവിടെ നടന്നത്.

വർഷങ്ങൾക്കുശേഷം കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസിൽ ഞാനും അനിലും വീണ്ടുമൊന്നിച്ചു. മാസ് കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിൽ പ്രസംഗിക്കാൻ വന്നപ്പോൾ ആരോ 'അമ്മ തന്നെ പുട്ടുണ്ടാക്കണമെന്ന് എന്താണിത്ര നിർബന്ധം?' എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പൊട്ടിത്തെറിച്ചെന്ന് അനിൽ പറഞ്ഞതോർമ്മയുണ്ട്.

വിർശനാത്മകമായ ഒരു പാരസ്പര്യം അദ്ദേഹവുമായി സാദ്ധ്യമാണെന്ന് അനുഭവത്തിൽ തോന്നിയിട്ടില്ല. പ്രഭാഷണങ്ങൾക്ക് കേൾവിക്കാരാണാവശ്യം. സംഭാഷണത്തിൽ അപരരോട് അഭിമുഖീകരണങ്ങൾ ആവശ്യമായി വരും.

***

2000 ആഗസ്റ്റ് 25ലെ മലയാളം വാരികയിൽ 'മനുഷ്യർ പാർക്കുന്ന ലോകങ്ങൾ' എന്ന അദ്ദേഹത്തിന്റെ ലേഖനസമാഹാരത്തെ നിർദ്ദയമായാണ് ഞാൻ വിമർശിച്ചത്. തുടക്കം തന്നെ ഇങ്ങനെയായിരുന്നു:

"ബൾബുകൾക്ക് വെളിച്ചമുണ്ട്
വെളിച്ചം ദുഃഖമാണ്,
അതുകൊണ്ട്, ബൾബുകൾ ദുഃഖമാണ്."

ഒരു ലോജിക് ക്ലാസിൽ തെറ്റായ വാദം എന്താണെന്ന് പഠിപ്പിക്കാൻ പറ്റിയ ഉദാഹരണമാണ് മേൽകൊടുത്തത്.



അഞ്ചു ലേഖനങ്ങളും പത്തു കുറിപ്പുകളും ഉള്ളടങ്ങുന്ന എം. എൻ. വിജയന്റെ ഈ പുസ്തകത്തിൽ ഉന്നയിക്കപ്പെടുന്ന വാദമുഖങ്ങളെന്താണെന്ന് കുറിച്ചെടുക്കാൻ ശ്രമിക്കുന്നൊരാൾ കുഴങ്ങിപ്പോവുകയേയുള്ളൂ. ആരാധകർക്ക് വേണമെങ്കിൽ അത് ശൈലിയുടെ അന്യൂനവും സംഗ്രഹിക്കാനാവാത്തതുമായ സാഹിതീയ സ്വഭാവമാണെന്ന് ആവേശം കൊള്ളാവുന്നതാണ്. അല്പം വിമർശനബുദ്ധിയോടെ വായിക്കുന്നവർക്ക് പക്ഷേ, ചൊടിപ്പിക്കുന്ന വാദശൂന്യ വാചകനിരകൾ തീർത്തും നിരാശാദായകമാണ്. നിർഭാഗ്യവശാൽ ആദ്യത്തെ പ്രതികരണം മാത്രം പ്രതീക്ഷിക്കപ്പെടുന്ന പ്രഭാഷകസദസ്സുകളാണ് ഇവയുടെ ഉറവിടം. ഭാഷകന് ആത്മവിമർശനപരതയും സ്വയം പ്രതിഫലനാത്മകതയും നഷ്ടമാവുന്നതായി കാണുമ്പോൾ ഒരു കാര്യം ഊഹിക്കാം: വാക്കും അർത്ഥവും തമ്മിൽ നേരിയൊരന്തരം പോലുമില്ലാതെ എല്ലാം വിഴുങ്ങാൻ സന്നദ്ധരായ അനുയായീവൃന്ദമാണ് അയാളുടെ മുന്നിലിരിക്കുന്നത്"

പുസ്തകനിരൂപണത്തിലെ വിമർശനങ്ങളിൽ ഇപ്പോഴും നിൽക്കുന്നുവെങ്കിലും ഒരു വീണ്ടുവിചാരം അദ്ദേഹത്തിന്റെ ഭാഷകയുക്തിയെ കുറിച്ച് ഈയിടെ തോന്നുകയുണ്ടായി. യുക്തിയുടെ യൂറോപ്യൻ ദൃഷ്ടാന്തങ്ങളിൽ നിന്ന് ഭിന്നമായ ഒരു വഴക്കം അദ്ദേഹത്തിന്റെ ദൃഷ്ടാന്തകഥനങ്ങളിലുണ്ടായി

രിക്കാം എന്ന ചിന്തയാണത്. ഒരു വിജയൻ യുക്തി.

***

സി.പി.ഐ.(എംഎൽ) പ്രവർത്തകൻ എന്ന നിലയ്ക്കുള്ള ശുഭാപ്തിവിശ്വാസവും ധാർമികശാഠ്യവും രാഷ്ട്രീയദാർഢ്യവുമായാണ് അദ്ദേഹത്തെ ആദ്യം കാണാൻ പോയത്. അന്നദ്ദേഹം രാഷ്ട്രീയത്തിൽ നേരിട്ട് സജീവമായിട്ടില്ല. പ്രവർത്തനങ്ങളും സൈദ്ധാന്തികാന്വേഷണങ്ങളും തുടരുന്തോറും എന്നെ സംബന്ധിച്ചിടത്തോളം ആ ശാഠ്യവും ദാർഢ്യവും അയയുകയായിരുന്നു. പൊതു (പുരുഷ)മണ്ഡലത്തിലെ സമവായത്തിൽ രാഷ്ട്രീയം ഒതുങ്ങിന്നില്ലെന്നും കുടുംബത്തിലും വ്യക്തിതലത്തിലുമുള്ള ദൈനംദിനാധികാരബലതന്ത്രങ്ങൾ സൂക്ഷ്മവിമർശനത്തിന് വിധേയമാക്കേണ്ടതുണ്ടെന്നുമുള്ള തിരിച്ചറിവ് മാർക്സിസത്തിൽനിന്ന് വ്യത്യസ്തമായ അധികാരവിശകലനങ്ങളിൽ താല്പര്യമുണർത്തി. എന്നാൽ വിചിത്രമെന്ന് പറയട്ടെ, വിജയൻമാഷ് പടിപടിയായി ഞങ്ങളുടെ ആ പഴയകാല ശാഠ്യങ്ങളിലേക്കെത്തുന്നതാണ് കാണാൻ കഴിഞ്ഞത്.

'പാഠ'ത്തിന്റെ ആണത്തം ഒരുതരം 'വിർച്വൽ' നക്സലൈറ്റ് പുരുഷകർതൃത്വത്തിന്റെ പുനരാവിർഭാവം കൂടിയാണ്. പ്രവർത്തനങ്ങളുടെ അഭാവത്തിലുള്ള ഭാഷാതീവ്രവാദമായതിനാലാണ് 'വിർച്വൽ' എന്ന് പറഞ്ഞത്. ഇടതിനെ ഇടത്തുനിന്നാക്രമിക്കുന്നതിന് കേരളത്തിലെന്നും മാർക്കറ്റുണ്ട്. അത്രയ്ക്കും 'വാങ്ങൽശേഷി'യുള്ള മുൻ നക്സലൈറ്റുകളും അച്യുതാനന്ദപക്ഷക്കാരും ഉണ്ടിവിടെ!

രണ്ടുവർഷക്കാലം ഈ പുരുഷപ്രീണനമവസാനിപ്പിച്ച് ഒരു മാസിക എഡിറ്റു ചെയ്യാൻ എനിക്ക് യോഗമുണ്ടായി. അതിന്റെ തീമുകൾ ഒക്കെ നിസ്സാരവും അരാഷ്ട്രീയവുമായിരുന്നു പഴയ രാഷ്ട്രീയക്കാർക്ക്. അക്കൂട്ടത്തിൽ അന്ന് മന്ത്രിയല്ലാതിരുന്ന എം.എ. ബേബിയുമായി 'ലൈഫ് സ്റ്റൈലി'നെ ക്കുറിച്ച് ഒരഭിമുഖം നടത്തിയപ്പോൾ അദ്ദേഹം സ്വവർഗ്ഗപ്രേമികൾക്ക് സാമൂഹ്യവും നിയമപരവുമായ പരിരക്ഷ ലഭിക്കു



ന്നതിനുവേണ്ടി ആസ്ത്രേലിയൻ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തിക്കുന്നുണ്ടെന്ന് പരാമർശിച്ചത് പാഠത്തിനും എം.എൻ. വിജയനും രുചിച്ചില്ല. "സ്വവർഗ്ഗരതിക്കാർക്ക് സംഘടന വേണമെന്ന് പറയുന്നത് അശ്ലീലമല്ലേ?" എന്നദ്ദേഹം മാതൃഭൂമി വാരാന്തപ്പതിപ്പിലെ (2005 ജൂലായ് 25) അഭിമുഖത്തിൽ ചോദിച്ചു. എസ്. സുധീഷ് പാഠത്തിൽ (ലക്കം 16) "കുടുംബബാഹ്യലൈംഗികബന്ധത്തിലേർപ്പെടുന്ന സ്ത്രീപുരുഷന്മാരും ഒരു ലൈംഗികന്യൂനപക്ഷമാണ്" എന്നു പരിഹസിച്ചുകൊണ്ട് അതിയാഥാസ്ഥിതികമായ നെടുങ്കൻ ലേഖനമെഴുതി.

ഇതൊക്കെയുമിവിടെ വിസ്തരിച്ചത് എം.എ. റഹ്മാന്റെ പ്രതികരണലേഖനത്തിലെ (മാതൃഭൂമി ആഴ്ചപ്പതിപ്പ് ഒക്ടോബർ 28 - നവംബർ 3 ലക്കം) ചില പരാമർശങ്ങൾ കണ്ടതുകൊണ്ടാണ്. "എം.എൻ. വിജയന് കുടുംബമുണ്ട്. അഴീക്കോടിന് കുടുംബമില്ല. ഈ ദ്വന്ദ്വമാണ് ചർച്ച ചെയ്യപ്പെടേണ്ട ഒരു വ്യവഹാരം. വിജയൻമാഷിന്റെ ചിതയെരിഞ്ഞ് തീർന്നാലും പുത്രകളത്രാദികളുടെ മനസ്സിനകത്തെ ചിതയെരിഞ്ഞ് തീരുന്നില്ല. കുടുംബമില്ലാത്തവന് ഈ ചിതയെപ്പറ്റി അറിയില്ല." അതെ, ഇതുതന്നെയാണ് ചർച്ച ചെയ്യപ്പെടേണ്ട ഒരു 'വ്യവഹാരം'. റഹ്മാന്റേത് ഇവിടെ പാഠത്തിന്റേതുപോലെ ഒരു തീവ്രവലതുപക്ഷവ്യവഹാരമാവുന്നു എന്നതാണ് ദുഃഖകരമായ വാസ്തവം. അതെത്രത്തോളം പൗരുഷമാർജ്ജിക്കുന്നോ അത്രയും സ്ത്രീവിരുദ്ധവും ന്യൂനപക്ഷവിരുദ്ധവും ആയിത്തീരുന്നു. അല്പംകൂടി കഴിഞ്ഞുള്ള ആവർത്തനം കാണുക: "..... അവിടെ ഗുരുവിന്റെ അടുക്കളയിൽ വിറക് പെറുക്കാനും പാകം ചെയ്യാനും ആളെ ആവശ്യമില്ല. അതിന് പുത്രകളത്രാദികളുണ്ട്. ഈ പുത്രകളത്രാദികളുള്ളതുകൊണ്ടാണ് അഴീക്കോട് ക്ലാസ്സുമുറിയിൽ പരമാധികാരിയാവുന്നതും തന്റെ ശിഷ്യഗണങ്ങളെ അടുക്കളയിലേക്ക് നയിച്ച് വിനീതവിധേയരാക്കുന്നതും. അതുകൊണ്ടാണ് ബഷീർ പറഞ്ഞത് - അവിവാഹിതർ അജ്ഞാനികൾ എന്ന്."

വിവാഹം, പുനരുത്പാദനം തുടങ്ങിയവയുടെ അകമ്പടിയുള്ള ഭിന്നലൈംഗിക കുടുംബത്തിനുള്ള പൊതുസമ്മതിയെ അക്രമണോത്സുകമായി ഊട്ടിയുറപ്പിക്കുമ്പോൾ ആ നിർവചനത്തിന് പുറത്തായിപ്പോവുന്നത് സ്വവർഗ്ഗാനുരാഗികളും ഒറ്റയ്ക്ക് താമസിക്കുന്നവരും വിവാഹമോചിതരും ഒക്കെയാണ്. കുറെ ജ്ഞാനികൾക്കുമാത്രം ജീവിക്കാനുള്ളതാണോ ഇവിടം?

പ്രിയപ്പെട്ട റഹ്മാൻ, അലങ്കാരങ്ങളിൽവെച്ചുതന്നെ താങ്കളെ ഞാൻ പിടികൂടുന്നത് ബോധപൂർവമാണ്. അതിലാണല്ലോ പ്രത്യയശാസ്ത്രം സൂത്രരൂപത്തിലുള്ളത്. കുടഞ്ഞുകളയാനും അതിജീവിക്കാനും ശ്രമിക്കുന്ന എന്നിലെ നക്സലൈറ്റ് തീർപ്പുകാലം നിങ്ങളിൽ പുതുതായി കണ്ടെത്തുന്നതുകൊണ്ടുമാവാം, ഈ നിവേദനങ്ങൾ. എന്തേ കണ്ണൂരിലും തലശ്ശേരിയിലും സന്ധ്യ കഴിഞ്ഞൊരു പരിപാടിയ്ക്കും സ്ത്രീകൾ പേരിനുപോലുമില്ലാത്തത്? എല്ലാവരും ഭക്ഷണമുണ്ടാക്കി വീടുകളിൽ കളത്രപുത്ര്യാദികളായിരിക്കുന്നതിനാൽ പൊതുമണ്ഡലത്തിൽ നമ്മളാണുങ്ങൾക്ക് കൈമെയ് മറന്ന് കയ്യാങ്കളി നടത്താമെന്നതിനാലോ?

***

രണ്ടുദശകംമുമ്പ് ഡയറിയെഴുതുമ്പോൾ ഭാവിയിൽ ഒരു 'മഹാൻ' ആവുന്നതിനുവേണ്ടിയുള്ള, തയ്യാറെടുപ്പ് തന്നെയായിരിക്കണം ഞാൻ നടത്തിയിരുന്നത്! ദൈനംദിന ജീവിതത്തിലെ നിത്യനൈമിത്തിക വിശേഷങ്ങൾ അതിൽ അധികമൊന്നുമില്ല. ഡയറിയെഴുത്തിലൂടെ ഒരു പ്രത്യേകതരം ആത്മനിർമ്മാണം നടത്തുക തന്നെയായിരുന്നു എന്ന് ഇന്ന് മനസ്സിലാവുന്നു. ആത്മനിർമ്മാണത്തിന്റെ പലതരം സാങ്കേതികവിദ്യകളെപ്പറ്റി മിഷേൽ ഫൂക്കൊ പറയുന്നത് വായിക്കുമ്പോൾ അതെനിക്ക് ആത്മപരിശോധനക്കുള്ള പ്രചോദനമാണ് നൽകുന്നത്.

ആത്മത്തെ അപനിർമ്മിക്കുമ്പോൾ നമ്മൾ കാണുന്നത് അതിനെ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഒരു പുറം ലോകത്തെയാണ്. ആത്മത്തിന്റെ ചരിത്രപരതയിലേക്കും യാദൃച്ഛികതയിലേക്കുമുള്ള ഒരു ചൂണ്ടുപലകയാണത്. ചരിത്രപരമായ എന്തിനെയും നമുക്ക് ആമൂലാഗ്രം ചോദ്യം ചെയ്യാനാവും. കണ്ണാടിയിൽ അഭിരമിക്കുന്ന സുകുമാർ അഴീക്കോടും എം.എൻ. കാരശ്ശേരിയുമൊക്കെ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ അപചയത്തിൽ വിലപിക്കുകയും പുതിയ സിദ്ധാന്തങ്ങൾ മനസ്സിലാവുന്നില്ല എന്ന് സ്വയം തെളിയിക്കുകയും കൂടി ചെയ്യുന്നതും കണ്ടപ്പോൾ രോഗം വ്യക്തമായി. പുതിയ സൈദ്ധാന്തിക കാലാവസ്ഥ എന്നെ സംബന്ധിച്ചിടത്തോളം വിമോചകമായനുഭവപ്പെടുന്നത്, പുസ്തകജ്ഞാനം കൊണ്ടല്ല, പ്രായോഗികാനുഭവങ്ങളെ പുനഃപരിശോധിക്കാനും 'ആത്മ'നെ അഴിച്ചു പരിശോധിക്കാനും അതു സാഹചര്യമൊരുക്കുന്നതു കൊണ്ടാണ്. വ്യക്തിപരമായത് സൈദ്ധാന്തികവും കൂടിയാണല്ലോ. അഴീക്കോടിന്റെ കണ്ണാടിനോട്ടവും വിജയൻമാഷിന്റെ ആത്മധ്യാനവുമല്ലാത്ത ഒരു സംവേദകത്വം നമുക്കാവശ്യമുണ്ട്. പുതുതായുയർന്നു വരുന്ന രാഷ്ട്രീയകർതൃത്വങ്ങളെ അഭിമുഖീകരിക്കാനും അംഗീകരിക്കാനും നിശിതമായ ആത്മവിമർശനം സൂക്ഷ്മതലങ്ങളിൽ നടത്താനുള്ള സന്നദ്ധതയാവാം അതിലേക്കുള്ള ആദ്യപടി. അഴീക്കോടുമുതൽ സുധീഷ് വരെയുള്ളവർ ഈ ആണത്തഭാരം ഒന്നിറക്കിവെച്ചെങ്കിൽ!

*കിഴക്കേചോത്തൻ വേലിൽ,*
*തുറവൂർ പി.ഒ., ആലപ്പുഴ*

**വീണ്ടും വായനയ്ക്ക്**

# അഴീക്കോടും വിജയൻമാഷും

ആഴ്ചപ്പതിപ്പിന്റെ 33, 34, 35 ലക്കങ്ങളിലൂടെ കടന്നുപോയപ്പോൾ ഇങ്ങനെയൊരു കുറിപ്പ് അനിവാര്യമാണെന്ന് തോന്നി. തന്റെ കാവ്യനീതിയുള്ള മരണത്തിലൂടെ എന്നെ അദ്ദേഹത്തിന്റെ പങ്ങാതിയാക്കി മാറ്റിയെങ്കിലും, മിണ്ടാപ്രാണികളെ ചുട്ടുകൊല്ലുന്നതും മനുഷ്യനെ കുത്തിക്കൊല്ലുന്നതും ന്യായീകരിച്ച് എം.എൻ. വിജയനെ ഒരു മനുഷ്യസ്നേഹിയായി എനിക്ക് കാണാൻ കഴിയുന്നില്ല. അദ്ദേഹം വിമർശനങ്ങളെ സൗമ്യമായി അംഗീകരിച്ചു, എന്റെ അനുഭവത്തിലും. ഇതും അദ്ദേഹത്തിന്റെ സാഹിത്യ സംഭാവനകളും ശിഷ്യഗണബാഹുല്യവും അദ്ദേഹത്തിൽ നിസ്തുലനായ മനുഷ്യസ്നേഹിയെ കണ്ടെത്തുന്നതിന് കാരണങ്ങളാകുന്നില്ല. സുകുമാർ അഴീക്കോട് എനങ്ങനെയാണ് ഗാന്ധിയനായി അറിയപ്പെടുന്നത്, ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. ഗാന്ധിയും പുരാണങ്ങളും വേദങ്ങളും ഉപനിഷത്തുകളും ആംഗലേയ സാഹിത്യവും അദ്ദേഹത്തിന് ഹഗ-ദിസ്ഥമാണ്. ലോക സാഹിത്യത്തിൽ തനിക്കേറ്റവും ഇഷ്ടപ്പെട്ട പുസ്തകം, മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനായി, തോമസ് മന്നിന്റെ മാജിക് മൗണ്ടനാണെന്ന് 1978-ൽ അദ്ദേഹം എഴുതിയപ്പോൾ ഞാൻ സന്തോഷിച്ചിട്ടുണ്ട്. പക്ഷേ ഈ പാണ്ഡിത്യം അദ്ദേഹത്തെ ന്യായീകരിക്കുവാൻ കാരണമാകുന്നില്ല, സുകുമാർ അഴീക്കോട് എത് ചേരിയിൽ? എന്ന ചോദ്യത്തിന് ഉത്തരം ലളിതമാണ്. ആർത്തിയുടെയും അധികാരത്തിന്റെയും ചേരിയിൽ. കോപം, ക്ഷോഭം അസഹിഷ്ണുത. ചാഞ്ചല്യം, ആരെയും വിശ്വാസമില്ലായ്മ, അധികാരികളോടുള്ള വിധേയത്വം ഇതെല്ലം അദ്ദേഹത്തിൽ സംഭവിക്കുന്നത് അദ്ദേഹം അറിയുന്നില്ലെന്നുണ്ടോ? അദ്ദേഹം ഗുരുനാഥനായി ഉയർത്തിക്കാട്ടുന്ന ഗാന്ധിയുടെ ജീവിതം, ഇവയെല്ലാം നേർക്കുനേർ പോരാടുന്ന തികഞ്ഞ ധർമ്മിഷ്ഠന്റേതാണ്. അഭിമുഖത്തിൽ അഴീക്കോട് പറയുന്നു, എം.എൻ. വിജയന്റെ ചെയ്തികളെപ്പറ്റി കൂടതല റിയുവാൻ സി.ആർ. പരമേശ്വരന്റെ ഭാഷാപോഷിണി ലേഖനം വായിക്കുവാൻ. പത്ത്, പന്ത്രണ്ട് കൊല്ലം മുമ്പ് അഴീക്കോടിന്റെ നിലപാടുകളുടെ കാപട്യങ്ങളെ സി.ആർ. രൂക്ഷമായി വിമർശിച്ചെഴുതിയപ്പോൾ അഴീക്കോട് കലാകൗമുദിയിൽ ക്ഷോഭിച്ചെഴുതിയ പ്രതികരണത്തിൽ പരമേശ്വരനെ 'ഞൊണ്ടി നടക്കുന്ന സഹജീവി'യെന്നാണ് വിശേഷിപ്പിച്ചത്. ഇപ്പോൾ എം.എൻ. വിജയനെ കുത്താൻ ആ 'ഞൊണ്ടി നടക്കുന്നവനെ' അഴീക്കോട് കത്തിയാക്കുകയാണ്. ഗാന്ധിയെ അറിയുമെന്ന് പറയുന്ന ഒരാളിന് എങ്ങനെ ഒരു സഹജീവിയെ 'ഞൊണ്ടി നടക്കുന്ന' എന്ന് വിശേഷിപ്പിക്കാനാവും? കഴിഞ്ഞ മുപ്പതു കൊല്ലമായിട്ടുള്ള രോഗപീഡയാണ് പരമേശ്വരനെ 'ഞൊണ്ടി നടക്കുന്നവ'നാക്കിയത്. കുഷ്ഠരോഗിയുടെ വ്രണങ്ങൾ കഴുകി, മരുന്നു പുരട്ടി സാന്ത്വനിപ്പിക്കുന്ന ഗാന്ധിക്കും, തന്റെ സഹജീവിയെ 'ഞൊണ്ടി നടക്കുന്ന'വനെന്ന് അധിക്ഷേപിക്കുന്ന അഴീക്കോടിനും തമ്മിൽ എന്താണ് സാദൃശ്യം? സാംസ്കാരിക രംഗത്തെ കെ. കരുണാകരനായിട്ടാണ് അദ്ദേഹത്തിന്റെ മനസ്സിനെ താരതമ്യം ചെയ്യേണ്ടത്. തിന്മയെ, അനീതിയെ, അധാർമ്മികതയെയാണ് ഗാന്ധി എതിർത്തത്. അത് ചെയ്യുന്നവനെയല്ല.

ആർ.എസ്.എസ്സുകാരൻ കൊല ചെയ്യപ്പെടുന്നത് ന്യായീകരിച്ച്, മാർക്സിസ്റ്റുകാരന്റേതെങ്കിൽ വിമർശിച്ച്, എം.എൻ. വിജയൻ കൊലപാതക രാഷ്ട്രീയത്തെ 'ദീപ്തമായ' ഭാഷയിൽ സമൂഹമദ്ധ്യത്തിവൽ ന്യായീകരിച്ചു. അഴീക്കോടാവട്ടെ, കോൺഗ്രസ്സ് മാർക്സിസ്റ്റ് ചേരികളിൽ നിൽക്കുന്നു. പിന്നെ പക്ഷം പിടിക്കുന്ന വിജയനും ഈ കളി വാക്കുകളുടെ മാന്ത്രികവിദ്യയാൽ നടത്തി. അങ്ങനെ കേരളത്തിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി നടക്കേണ്ടിയിരുന്ന ജനാധിപത്യ സംവാദങ്ങളെ രണ്ടുപേരും ന്യൂനീകരിച്ച് വിവാദങ്ങളാക്കി. കേരളത്തിലെ ബുദ്ധിജീവികളിൽ തൊണ്ണൂറ്റി അഞ്ച് ശതമാനവും ഈ രണ്ടുപേരുടെയും ചാവേറ് സംഘങ്ങളിലുള്ളവരാകയാൽ, അവർ സ്വയം ഷണ്ഡീകരിക്കപ്പെട്ട്, ജനാധിപത്യ സംവാദത്തിന്റെ ക്രിയാത്മക മേഖലകളെ അടച്ചു.

കേരളത്തിന്റെ സാംസ്കാരിക മേഖലയിൽ അഴീക്കോടിന്റെ നിലപാടുകൾ ക്ഷുഭിതനായ ഒരു സാഡിസ്റ്റിന്റേതാണെങ്കിൽ വിജയന്റേത് സൗമ്യനായ ഒരു മസോക്കിസ്റ്റിന്റേതാണ്. ഈ രണ്ട് പിതൃബിംബങ്ങളും നമ്മുടെ ധാർമ്മിക ബോധത്തെ എവ്വിധമാണ് ധന്യമാക്കിയിട്ടുള്ളത്? പൊള്ള മനുഷ്യരായ നാം കേരളീയർ, ഇവരെ അർഹിക്കുന്നു, എല്ലാ അർത്ഥത്തിലും.

*കെ. അരവിന്ദാക്ഷൻ, 'വാൾഡൻ', എറവ്, തൃശൂർ*
*കടപ്പാട് : മാതൃഭൂമി ആഴ്ചപ്പതിപ്പ്*